പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 1279 — 31.10.2019 ൽ മറുപടിക്ക്

## റെയിൽവേ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എൻ.എ ഖാദർ | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിലേറിയതിനുശേഷം വർഷങ്ങൾക്കു മുൻപേ റെയിൽവേ ബോർഡിന്റെ അനുമതി ലഭിച്ചിരുന്ന കേരളത്തിലെ റെയിൽവേ പദ്ധതികൾ ഏതെങ്കിലും റെയിൽവേ ബോർഡ് മരവിപ്പിച്ച് ഉത്തരവായിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | നിലവിലെ സർക്കാർ അധികാരത്തിലേറിയതിനുശേഷം വർഷങ്ങൾക്കു മുൻപേ റെയിൽവേ ബോർഡിന്റെ അനുമതി ലഭിച്ചിരുന്ന കേരളത്തിലെ റെയിൽവേ പദ്ധതികൾ റെയിൽവേ ബോർഡ് മരവിപ്പിച്ചതായി ഉത്തരവുകൾ ലഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത റെയിൽവേ പദ്ധതികൾക്ക് അനുമതി ലഭിച്ച വർഷവും ഇതുവരെ പ്രവൃത്തികൾക്ക് ചെലവായ തുകയും വിശദീകരിക്കുമോ; ഇതിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം എത്രയെന്ന് വെളിപ്പെടുത്തുമോ; | (ബി) | ബാധകമല്ല |
| (സി) | ശബരി പാത, ഗുരുവായൂർ-തിരുനാവായ പാത എന്നീ പദ്ധതികൾക്കായി കേന്ദ്രവിഹിതം ലഭിക്കാതെ വരുന്ന സാഹചര്യത്തിൽ ഈ പദ്ധതികൾ എങ്ങനെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | അങ്കമാലി - ശബരി പദ്ധതി ചെലവിന്റെ 50% വഹിക്കുന്നത് സംബന്ധിച്ച വിഷയം സംസ്ഥാന സർക്കാരിന്റെ പരിഗണനയിലാണ്.<br>ഗുരുവായൂർ-തിരുനാവായ പാതയ്ക്കായി 50% തുക സംസ്ഥാന സർക്കാർ വഹിക്കണമെന്ന് ആവശ്യപ്പെട്ടിട്ടില്ല. പദ്ധതി നടപ്പാക്കുന്നതിനെതിരെ ജനങ്ങളുടെ എതിർപ്പ് ഉയരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ